# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5493 06.07.2012 - ൽ മറുപടിക്ക്

## എല്ലാ കുടുംബങ്ങൾക്കും പൈപ്പുവഴി കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും പൈപ്പുവഴി വിതരണം ചെയ്യുന്ന കുടിവെള്ളം എത്തിക്കാൻ എന്തെല്ലാം നടപടികൾ എടുക്കാനാണുദ്ദേശിക്കുന്നത്; | (എ) ഇപ്പോൾ 29.3 ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വെള്ളം നൽകുന്നത്. രണ്ട് കൊല്ലം കൊണ്ട് ഇത് 50 ശതമാനമാക്കാനാണ് ഉദ്ദേശിക്കുന്നത്. കാലക്രമേണ ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള വാട്ടർ അതോറിറ്റി നിലവിൽ എ.ആർ.ഡബ്ല്യു.എസ്.എസ്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ജൈക്ക, സാർക്ക്, ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.ടി മുതലായ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു. പഴകിയതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പണികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ വരും വർഷങ്ങളിൽ കൂടുതൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാനും അതു വഴി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനും/ കൂടുതൽ അളവിൽ കുടിവെള്ളം നൽകുന്നതിനും മുതൽ മുടക്ക് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.. |
| (ബി) ഇതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ; | (ബി) നിലവിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുടിവെള്ളം പൈപ്പ് വഴി കൂടുതൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യാമെന്ന് ഉദ്ദേശിക്കുന്നു. പുതിയ പദ്ധതികൾക്കും രൂപം നൽകുന്നുണ്ട്. |

| | |
|---|---|
| (സി) **പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?** | (സി) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ഇതിനു വേണ്ടി അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ